8515
10/5/19

കേരള സർക്കാർ

<u>സംഗ്രഹം</u>

ശ്രീമതി പ്രഭാ രവീന്ദ്രൻ, താവറത്ത് ചരുവിള പുത്തൻവീട്, എലിക്കാട്ടൂർ, മുക്കടവ് പിറവന്തൂർ, കൊല്ലം ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 40284/2017 - ൽ ബഹു ഹൈക്കോടതിയുടെ 19/07/2018 ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.42/2019/വനം തീയതി, തിരുവനന്തപുരം, 4/2/2019.

---

പരാമർശം :- 1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ - ന്റെ 28/12/2016 - ലെ PL1-3344/2016 നമ്പർ കത്ത്.

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം - 24/03/2017 - ൽ പുറപ്പെടുവിച്ച ക്യൂ. എൽ. 1376/17 നമ്പർ നടപടി ക്രമം.

3. ശ്രീമതി പ്രഭാ രവീന്ദ്രൻ, താവറത്ത് ചരുവിള പുത്തൻവീട്, എലിക്കാട്ടൂർ, മുക്കടവ്,പിറവന്തൂർ, കൊല്ലം സർക്കാരിൽ സമർപ്പിച്ച 05/04/2017 ലെ റിവിഷൻ പെറ്റീഷൻ.

4. സർക്കാരിന്റെ 24/10/2017 - ലെ 47/ബി2/2017/വനം നമ്പർ കത്ത്.

5. ശ്രീമതി പ്രഭാ രവീന്ദ്രൻ, താവറത്ത് ചരുവിള പുത്തൻവീട്, എലിക്കാട്ടൂർ, മുക്കടവ്, പിറവന്തൂർ, കൊല്ലം ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത 40284/2017 - ന്മേലുള്ള 19/07/2018 - ലെ വിധിന്യായം.

<u>ഉത്തരവ്</u>

ശ്രീമതി പ്രഭാ രവീന്ദ്രൻ, താവറത്ത് ചരുവിള പുത്തൻവീട്, എലിക്കാട്ടൂർ, മുക്കടവ്, പിറവന്തൂർ, കൊല്ലം ശ്രീഗുരു സാമിൽ എന്ന സ്ഥാപനം നടത്തി വരികയായിരുന്നു. ടി സാമില്ലിന്റെ ലൈസൻസ് കാലാവധി 21/1/2016 - ൽ അവസാനിച്ചു. പ്രസ്തുത സാമില്ലിന്മേൽ അമ്പനാർ ഫോറസ്റ്റ് റെയിഞ്ചിൽ ഫയൽ ചെയ്ത OR 2/2016 പ്രകാരമുള്ള വനകുറ്റകൃത്യം നിലനിൽക്കുന്നതിനാൽ പരാമർശം 1 - ലെ കത്ത് പ്രകാരം പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രസ്തുത സാമില്ലിന്റെ ലൈസൻസ് പുതുക്കി നൽകിയില്ല.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവിൻമേൽ ശ്രീമതി പ്രഭാ രവിന്ദ്രൻ ബഹു. ഹൈക്കോടതി മുമ്പാകെ WP (C)3505/2017 ഫയൽ ചെയ്യുകയുണ്ടായി. ആയതിൻമേൽ 08/02/2017 - ൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, പുനലൂർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം (1) ലെ ഉത്തരവിൻമേൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സതേൺ സർക്കിൾ,കൊല്ലം മുമ്പാകെ നിയമപരമായി അപ്പീൽ സമർപ്പിക്കാൻ ഉത്തരവായി. ശ്രീഗുരു സാമിൽ വനകുറ്റകൃത്യത്തിൽ ഉൾപ്പെട്ടിരുന്നതിനാലും, ശ്രീമതി പ്രഭാ രവീന്ദ്രൻ മില്ലിന്റെ നടത്തിപ്പ ചുമതല ഏൽപ്പിച്ചിരുന്ന മകൻ പ്രസ്തുത കേസിൽ പ്രതിയായിരുന്നതിനാലും മില്ലിലെ യന്ത്രസാമഗ്രികൾ കേരള ഫോറസ്റ്റ് ആക്ട് 61A പ്രകാരം പിടിച്ചെടുത്തിരുന്നതിനാലും ലൈസൻസ് പുതുക്കി നൽകേണ്ടതില്ല എന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം 1) ലെ ഉത്തരവ് ശരിവച്ചുകൊണ്ട് ടിയാളുടെ അപ്പീൽ പെറ്റീഷൻ, പരാമർശം 2) പ്രകാരം നിരസിച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം ഉത്തരവാകുകയുണ്ടായി.

2) സതേൺ സർക്കിൾ, കൊല്ലം, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം 2 - ലെ ഉത്തരവിന്മേൽ പരാതി കക്ഷി പരാമർശം 3 പ്രകാരം സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവിഷൻ പെറ്റീഷൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24/07/2017 - ലെ FC3-22581/2017 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും, പ്രസ്തുത സാമിൽ അമ്പനാർ ഫോറസ്റ്റ് സ്റ്റേഷനിൽ OR 2/2016 നമ്പർ കേസിൽ ഉൾപ്പെട്ടിരുന്നതിനാലും, യന്ത്രസാമഗ്രികൾ പിടിച്ചെടുക്കപ്പെട്ടിരുന്നതിനാലും, മില്ലിന്റെ നടത്തിപ്പവകാശം കൈമാറി ലഭിച്ച മകൻ ശ്രീ. റജിലും, മറ്റൊരു മകനായ ശ്രീ. റെനിലും, ടി കേസിൽ പ്രതികളായിരുന്നതിനാലും പരാമർശം 2) പ്രകാരം ടി സാമില്ലിന്റെ ലൈസൻസ് കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ്, 2012 - ലെ റൂൾ 10(3)(b)(iv) പ്രകാരം നിരസിച്ച ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ്

ശരിവച്ചുകൊണ്ടും, റിവിഷൻ പെറ്റീഷൻ നിരസിച്ചുകൊണ്ടും പരാമർശം 3) പ്രകാരം സർക്കാർ കത്തു നൽകി.

3) സർക്കാരിന്റെ ടി നടപടിക്കെതിരെ ശ്രീമതി പ്രഭാ രവീന്ദ്രൻ ബഹു ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ (സി) 40284/2017 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനിന്മേൽ ബഹു ഹൈക്കോടതി 19/07/2018 - ൽ പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാരിന് മുമ്പാകെ ഉണ്ടായിരുന്ന റിവിഷൻ പെറ്റീഷൻ നിരസിച്ചതിന് മതിയായ കാരണം കാണിച്ചിട്ടില്ലാത്തതിനാൽ സർക്കാരിന്റെ പരാമർശം 4) ലെ കത്ത് റദ്ദു ചെയ്യുകയും, പരാതി കക്ഷിയുടെ പരാമർശം 3) ലെ റിവിഷൻ പെറ്റീഷൻ പരിഗണിച്ച് ടിയാളുടെയോ, ടിയാൾ ചുമതലപ്പെടുത്തുന്ന ആളിനെയോ നേരിൽ കേട്ട് കാര്യകാരണ സഹിതമുള്ള ഉത്തരവ് വിധിന്യായം ലഭിച്ച് 3 മാസത്തിനകം പുറപ്പെടുവിക്കാൻ പരാമർശം 5) പ്രകാരം സർക്കാരിന് നിർദ്ദേശം നൽകി ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി.

4) പരാമർശം (5) ലെ ബഹു ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14/11/2018 - ൽ ശ്രീമതി പ്രഭാ രവീന്ദ്രൻ, ചുമതലപ്പെടുത്തിയ ടിയാളുടെ മകൻ ആർ. റെനിലിനെ വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേരിൽ കേൾക്കുകയും, പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങളിൽ എത്തുകയും ചെയ്തു.

i) റിസർവ് വനത്തിൽ നിന്നും കടത്തി കൊണ്ടുവന്ന തടി പരാതിക്കാരിയുടെ ഉടമസ്ഥതയിലുള്ള ശ്രീഗുരു മില്ലിൽ വച്ച് അറുക്കുന്നതിന് ഇടയായി എന്നതിനാൽ അമ്പനാർ ഫോറസ്റ്റ് റെയിഞ്ചിൽ OR 2/2016 നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയും, ശ്രീഗുരു സാമില്ലിലെ യന്ത്രസാമഗ്രികൾ ഫോറസ്റ്റ് ആക്ട് 61 എ വകുപ്പ് പ്രകാരം പിടിച്ചെടുത്തിട്ടുള്ളതാണ്. സാമില്ലിലെ യന്ത്രസാമഗ്രികൾ ഫോറസ്റ്റ് ആക്ട് 61 എ

പ്രകാരം പിടിച്ചെടുത്ത് നടപടി സ്വീകരിച്ച് വരുന്നു എന്ന കാരണത്താൽ ലൈസൻസിയ്ക്ക് യന്ത്ര സാമഗ്രികളുടെ കൈവശാവകാശം നഷ്ടമായിട്ടുള്ളതുമാണ്.

ii) കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽസ് ആന്റ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ് 2012 - ലെ ചട്ടം 10 (3) (b) (iii)പ്രകാരം ലൈസൻസിലെ വ്യവസ്ഥകൾ ഏതെങ്കിലും ലംഘിക്കുന്നത് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതിന് കാരണമാണ്. ചട്ടം 10(3)(b)(iv) പ്രകാരം ഫോറസ്റ്റ് ആക്ടിലെയോ, ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്നത് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതിന് കാരണമാകുന്നു. കൂടാതെ ചട്ടം 10 (3) (b) (v) പ്രകാരം ചട്ടം 8, 9 എന്നിവയിലെ ഏതെങ്കിലും പൊതു വ്യവസ്ഥയോ നിബന്ധനകളോ ലംഘിക്കുന്നതും licence പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതിന് കാരണമാകുന്നു.

iii) ശ്രീമതി പ്രഭാ രവീന്ദ്രന്റെ പേരിൽ ലൈസൻസ് ലഭിച്ച ശ്രീഗുരുസാമില്ലിന്റെ പൂർണ്ണമായ നടത്തിപ്പ ചുമതല ടിയാളുടെ മകനായ റജിലിന് 16-2-2011 ന് സ്റ്റാമ്പ് പേപ്പറിൽ ഒപ്പിട്ട എഗ്രിമെന്റ് പ്രകാരം കൈമാറിയിട്ടുള്ളതായി കാണുന്നു. സാമിൽ നടത്തുന്നതിനുള്ള അവകാശം കൈമാറിയത് ചട്ടം 8(1)(xii)-ൽ പറയുന്ന പ്രകാരം ആതറൈസ്ഡ് ഓഫീസറുടെ അറിവോടെയാണോ എന്നത് വ്യക്തമല്ല.

iv) Licencee യുടെ ഉടമസ്ഥതയിലുള്ള മില്ലിൽ നിന്നും യന്ത്രസാമഗ്രികൾ പിടിച്ചെടുത്തിട്ടുള്ള സാഹചര്യത്തിൽ, അതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും licencee ക്ക് ഒഴിഞ്ഞുമാറാനാവുന്നതല്ല. പ്രസ്തുത മില്ലിന്റെ യന്ത്രസാമഗ്രികൾ, കേസിൽ പിടിച്ചെടുക്കപ്പെട്ടിട്ടുള്ളതും മിൽ നടത്തുന്നതിനുള്ള പൂർണ്ണമായ അവകാശം കൈമാറി ലഭിച്ച ടിയാളുടെ മകൻ വനകുറ്റകൃത്യത്തിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത മില്ലിലെ മെഷീനറി ഫോറസ്റ്റ് ഒഫൻസിൽ ഉൾപ്പെട്ടതിന് സെക്ഷൻ 61 A പ്രകാരം പിടിച്ചെടുക്കപ്പെട്ടിട്ടുള്ളതുമാണ്.

5) മേൽ വസ്തുതകൾ പരിഗണിച്ചതിലും ശ്രീമതി. പ്രഭാ രവീന്ദ്രന്റെ ഉടമസ്ഥതയിലുള്ള ശ്രീഗുരു സാമില്ലിന്റെ ലൈസൻസ് പുതുക്കുന്നതിന് സർക്കാർ മുമ്പാകെയുള്ള റിവിഷൻ പെറ്റീഷൻ ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ചതിലും ഹർജിക്കാരി ചുമതലപ്പെടുത്തിയ പ്രതിനിധിയെ നേരിൽ കേട്ടതിലും ലൈസൻസ് പുതുക്കുന്നതിനുള്ള ഹർജിക്കാരിയുടെ അപേക്ഷ പരിഗണിക്കാൻ ആവില്ല എന്ന് കാണുന്നു. അതിൻപ്രകാരം ശ്രീമതി. പ്രഭാ രവീന്ദ്രൻ സമർപ്പിച്ച പരാമർശം 3) - ലെ റിവിഷൻ പെറ്റീഷൻ നിരസിച്ച് കൊണ്ട് ഉത്തരവാകുന്നു.

6) ബഹു. ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ നമ്പർ 40284/2017 - ന്മേലുള്ള 19/07/2018 –ലെ വിധിന്യായം ഇതിനാൽ പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ഡോ.വേണു.വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

ശ്രീമതി പ്രഭാ രവീന്ദ്രൻ, താവറത്ത് ചരുവിള പുത്തൻവീട്, എലിക്കാട്ടൂർ, മുക്കടവ്, പിറവന്തൂർ, കൊല്ലം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് , സതേൺ സർക്കിൾ, കൊല്ലം.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ